24

# "വെളിച്ചത്തിന്റെ മക്കൾ"

## (5:8-13)

ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ, ഇടവകയിലെ എല്ലാ കുട്ടികളും പാട്ടുപാടുവാൻ ഇഷ്ടപ്പെടുന്നു, പ്രത്യേകിച്ചു "എന്റെ ഈ വിളക്ക്, ഞാൻ പ്രകാശിപ്പിക്കട്ടെ" എന്നത്. അതു കുട്ടികളുടെ വെറും പാട്ടിനേക്കാൾ അർത്ഥ വത്താണ്, എങ്ങനെയായാലും; അതു ജീവിതത്തിന്റെ ശരിയായ വീക്ഷണം നല്കുന്നുണ്ട്. ജീവിതം എന്നതു വെളിച്ചവും ഇരുട്ടും തമ്മിലുള്ള ഒരു ധാർമ്മിക പോരാട്ടമാണ്. ക്രിസ്ത്യാനികളായ നാം, പോരാട്ടത്തിന്റെ നടുവി ലാണ്.

നമ്മിൽ ഒരു വ്യത്യാസം വരുത്തുവാൻ ദൈവവചനം നമ്മോടു ആവ ശ്യപ്പെടുന്നു - ഇരുട്ടുള്ള ലോകത്തിൽ വെളിച്ചം ആകുവാൻ. ബൈബിൾ എഫെസ്യർ 5-ൽ ക്രിസ്ത്യാനികളെ സൂചിപ്പിക്കുന്നത് "വെളിച്ചത്തിന്റെ മക്കൾ" ആയിട്ടാണ്:

> മുമ്പെ നിങ്ങൾ ഇരുളായിരുന്നു, ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകു ന്നു; കർത്താവിന്നു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ടു, വെളി ച്ചത്തിലുള്ളവരായി (സകല സൽഗുണവും നീതിയും സത്യവുമല്ലൊ വെളി ച്ചത്തിന്റെ ഫലം) നടന്നുകൊൾവിൻ. ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്, അവയെ ശാസിക്ക അത്രേ വേണ്ടത്; അവർ ഗൂഢ മായി ചെയ്യുന്നതു പറവാൻ പോലും ലജ്ജയാകുന്നു. അവയെ ശാസിക്കു മ്പോഴോ സകലത്തെയും കുറിച്ചു വെളിച്ചത്താൽ ബോധം വരും, ബോധം വരുന്നതെല്ലാം വെളിച്ചം പോലെ തെളിവല്ലൊ (വാ. 8-13).

വീണ്ടും വാക്യം 8 പറയുന്നതു ശ്രദ്ധിക്കുക: "മുമ്പെ നിങ്ങൾ ഇരുളാ യിരുന്നു, ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു; വെളിച്ചത്തിലുള്ള വരായി നടന്നുകൊൾവിൻ." കഴിഞ്ഞ കാലം ഓർപ്പിച്ചു നമുക്കു ലഭിച്ച ഉപ കാരത്തെ പൗലൊസ് എടുത്തു കാണിക്കുകയാണ്. യേശുവിനെ കൂടാതെ യുള്ള നമ്മുടെ അവസ്ഥ ക്രിസ്ത്യാനികൾ മറക്കരുതെന്നു പൗലൊസ് ആഗ്ര ഹിച്ചു. നമ്മുടെ മുമ്പെയുള്ള ജീവിതത്തെ ഈ വേദഭാഗം ചുരുക്കി ഒറ്റവാ ക്കിൽ - "ഇരുട്ട്" എന്നു പറഞ്ഞിരിക്കുന്നു. നാം ഇരുട്ടിൽ ജീവിക്കുക മാത്ര മല്ല; നാം ഇരുളാ*യിരുന്നു*. ദൈവവചനം ആ ഇരുട്ടിനെ വിവരിക്കുന്നു.

### ഇരുട്ടിൽ ജീവിക്കൽ

രാത്രി തെറ്റു ചെയ്യുന്നതിൽ സന്തോഷിക്കുകയും താന്തോന്നിയായി ദുഷ്ടത പുറപ്പെടുവിക്കയും ചെയ്യും (സദൃശവാക്യങ്ങൾ 2:14). ദുഷ്ടന്റെ വഴി ഇരുട്ടാണ് (സദൃശവാക്യങ്ങൾ 4:19). അതു ദൈവകല്പനയെ കോട്ടി

മറിക്കുകയും, തിന്മയെ “നന്മ” എന്നും നന്മയെ “തിന്മ” എന്നും പറയും (5:20). ഇരുട്ട് ആളുകളെ തടവിലാക്കുന്നു (യെശയ്യാവ് 42:7).

ശരീരത്തെ മുഴുവൻ തെറ്റിച്ചു കളയുവാനുള്ള ശക്തി ഇരുട്ടിനുണ്ട് എന്നു നമ്മോടു പറഞ്ഞിരിക്കുന്നു (മത്തായി 6:23). ന്യായവിധി നമ്മിൽ പാപികളെ പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയും എന്നു ബൈബിൾ പറയുന്നു (മത്തായി 8:12). കൂടാതെ ആളുകൾ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതുകൊണ്ടാണ് യേശുവിനെ ആളുകൾ തള്ളിക്കളഞ്ഞതു എന്നും പറഞ്ഞിരിക്കുന്നു (യോഹന്നാൻ 3:19). ഇരുട്ടിൽ, ആളുകൾ സാത്താന്റെ ശക്തിയിലാകുന്നു (പ്രവൃത്തികൾ 26:18). വാസ്തവത്തിൽ, ഇരുട്ട് ശക്തിയാണ് – നമുക്കു സ്വയമായി ഒഴിഞ്ഞു മാറുവാൻ കഴിയാത്ത ശക്തിയാണ് അത് (കൊലൊസ്യർ 1:12, 13). ഇരുട്ട് ആളുകളെ കുരുടാക്കുന്നു (1 യോഹന്നാൻ 2:11). പിന്നീട് എഫെസ്യ ലേഖനത്തിൽ, നാം വായിക്കുന്നതു “നമുക്കു പോരാട്ടം ഉള്ളത്, ജഡരക്തങ്ങളോടല്ല, വാഴ്ച്ചകളോടും അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ” (6:12).

ബൈബിളിലെ നൂറിനോടടുത്ത വേദഭാഗങ്ങളിൽ, ധാർമ്മിക ഇരുട്ടിന്റെ ദുഷ്ടതയെയും നാശത്തേയും നമുക്കു കാണാവുന്നതാണ്. ലോകത്തിന്റെ ഇരുട്ട് വാസ്തവത്തിൽ എത്രത്തോളം ഉണ്ടെന്നു ക്രിസ്ത്യാനികൾ മനസ്സിലാക്കിയിട്ടുണ്ടോ എന്ന് എനിക്കു സംശയമാണ്. നാം അതിനെ കുറിച്ചു ചിന്തിക്കുന്നില്ല. നമ്മെ വെളിച്ചത്തിന്റെ മക്കൾ ആയി ചിന്തിക്കുവാൻ നാം ഇഷ്ടപ്പെടാം, എന്നാൽ ഇരുട്ടിന്റെ അപകടത്തെ നാം മറക്കരുത്.

വാർത്തകളിൽ നാം വായിക്കുന്ന ഓരോ കുറ്റകൃത്യങ്ങളുടെ പിന്നിലും ഇരുട്ടുണ്ട്. പാപത്തിന്റെ ഓരോ പ്രവൃത്തിയിലും ഇരുട്ടിന്റെ ശക്തി അന്തർലീനമായിരിക്കുന്നു. ഇരുട്ട് വിവാഹബന്ധങ്ങളെ ഉലയ്ക്കുന്നു; അതു ആളുകളെ മയക്കുമരുന്നിനു അടിമയാക്കുന്നു; അതു വെറുപ്പുണ്ടാക്കുന്നു. അതു മോഹത്തിനു വഴി ഒരുക്കുകയും, ദുർവിനിയോഗവും അക്രമവും ജനിപ്പിക്കയും ചെയ്യും. ഇരുട്ട് അസൂയയെ പ്രോത്സാഹിപ്പിക്കുന്നു, പിണക്കം വർദ്ധിപ്പിക്കുന്നു, സ്വാർത്ഥത വളരുവാൻ ഇടവരുത്തുന്നു. അതു മനുഷ്യൻ വിചാരിക്കാത്ത പ്രവൃത്തികളിലേക്ക് അവനെ നയിക്കും.

ബൈബിൾ അതു വ്യക്തമാക്കുന്നു:

> ദൈവത്തെ അറിഞ്ഞിട്ടും, അവനെ ദൈവം എന്ന് ഓർത്തു മഹത്വീകരിക്കയോ, നന്ദി കാണിക്കുകയോ ചെയ്യാതെ; തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായി തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ...
>
> ദൈവത്തെ പരിജ്ഞാനത്തിൽ, ധരിപ്പാൻ ഇഷ്ടമില്ലാത്തതിനു തക്കവണ്ണം, ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്‌വാൻ, നികൃഷ്ട ബുദ്ധിയിൽ ഏല്പിച്ചു, അവർ സകല അനീതിയും, ദുഷ്ടതയും അത്യാഗ്രഹവും, ദുർബ്ബുദ്ധിയും നിറഞ്ഞവർ; അസൂയ, കുല, പിണക്കം, കപടം ദുശീലം, എന്നിവ തിങ്ങിയവർ; കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കളെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ (റോമർ 1:21, 28–31).

ക്രിസ്തുവിനെ കൂടാതെ ആയിരുന്നപ്പോൾ, നാം വെറുതെ ഇരുട്ട*ിൽ* ആയിരുന്നില്ല. നാം ഇരു*ളായിരുന്നു*.

**വെളിച്ചത്തിൽ നടക്കൽ**

ഒരിക്കൽ നാം ഇരുളായിരുന്നെങ്കിലും, നാം ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു (5:8). "വെളിച്ചത്തിന്റെ മക്കൾ ആയി നടക്കുവാൻ" ആണ് പൗലൊസ് ക്രിസ്ത്യാനികളോടു ആവശ്യപ്പെടുന്നത്. വെളിച്ചത്തെ സംബന്ധിച്ചു ദൈവവചനം എന്തു പറയുന്നു എന്നു ശ്രദ്ധിക്കുക.

1. *വെളിച്ചം നല്ല ഫലം പുറപ്പെടുവിക്കും.* "(സകലസൽഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം)" (5:9). "സൽഗുണം" (ഗ്രീക്ക്.: *അഗാത്തോസുനേ*) എന്നതു ധാർമ്മിക ശ്രേഷ്ഠതയെ കാണിക്കുന്നു. സത്യം അറിയുന്നതിനപ്പുറം നാം പോകുന്നു; നാം അതിൽ ജീവിക്കുന്നു. വെളിച്ചം ഫലം പുറപ്പെടുവിക്കും. അതു മറ്റുള്ളവരുടെ ഉപകാരത്തിനായി സ്വമനസാൽ സേവിക്കുന്നതിലും യാഗമായി തീരുന്നതിലും പൂർണ്ണത പ്രകടിപ്പിക്കുന്നതായി കാണാം. "നീതി" (ഗ്രീക്ക്.: *ഡിക്കായിയോസുനേ*) എന്നത് "ദൈവത്തിനും മനുഷ്യർക്കും കടപ്പെട്ടിരിക്കുന്നതു കൊടുക്കുക"[1] എന്നാണ്. അതിനർത്ഥം ദൈവത്തോടും മനുഷ്യരോടും നാം പെരുമാറേണ്ടതു പോലെ പെരുമാറണം. "സത്യം" (ഗ്രീക്ക്.: *അലേത്തെയിയാ*) എന്നതു നമുക്ക് ഒന്നിനെ കുറിച്ചു എന്തറിയാം എന്നല്ല, പക്ഷെ നാം ചെയ്യുന്നതിനെയാണ്. വെളിച്ചം നമ്മെ സത്യം അറിയുവാൻ ശക്തമാക്കുക മാത്രമല്ല, അപ്രകാരം ജീവിക്കുവാനും സഹായിക്കും.

2. *വെളിച്ചം കർത്താവിനു പ്രസാദകരമായതു കാണുന്നു* (5:10). "പഠിക്കുവാൻ ശ്രമിക്കുക" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് (ഗ്രീക്ക്.: *ഡോക്കിമാസോ*) "കണ്ടുപിടിക്കുന്നു" എന്നും തർജ്ജിമ ചെയ്യാം. പുരാതന പൂർവ്വദേശങ്ങളിലെ ചന്തസ്ഥലങ്ങളിൽ നിന്നാണ് ആ വാക്ക് വന്നത്. ആ തിരക്കുള്ള ചന്തകളിലെ ചെറിയ മുറികളിൽ ജനലുകൾ തന്നെ വിരളമായിരുന്നു. അവ ഇരുണ്ടതായിരുന്നു. വ്യാപാരികൾക്കു കാണുവാൻ പ്രയാസമായിരുന്നു. ശ്രദ്ധാപൂർവ്വമായ പരിശോധന തന്നെ വിഷമമായിരുന്നു. ആളുകൾ മൺപാത്രമോ, തുണിയോ അല്ലെങ്കിൽ, അവർ വാങ്ങുവാൻ ആഗ്രഹിക്കുന്ന വസ്തുക്കൾ എന്തായാലും, കാണുവാനായി പുറത്ത് വെളിച്ചത്തിൽ കൊണ്ടുപോകുമായിരുന്നു. അപ്പോൾ അവർക്കു ഇരുട്ടിൽ കാണുവാൻ കഴിയാതിരുന്ന അവയിലെ കേടുപാടോ പൊട്ടലോ, അല്ലെങ്കിൽ എന്തെങ്കിലും പാടുകളോ, കണ്ടെത്തുവാൻ കഴിയും.

യേശുവിനോടടുത്തു ജീവിക്കുമ്പോൾ നമുക്ക് ഇതാണ് സംഭവിക്കുന്നത്. നമ്മുടെ ലക്ഷ്യം, പ്രവൃത്തികൾ, വാക്കുകൾ വാസ്തവത്തിൽ എങ്ങനെയിരിക്കുന്നു എന്നു കാണുവാൻ അവന്റെ വെളിച്ചം നമുക്കു സഹായമാകും. യേശുവിനു പ്രസാദകരമായി നമ്മിൽ ഉള്ളതു എന്തെന്നു കാണുവാനും, കൂടാതെ ജീവിതത്തിൽ നിന്നു നീക്കം ചെയ്യേണ്ട നമ്മിലുള്ള ധാർമ്മികമായ കുഴപ്പങ്ങളും പാപങ്ങളും കാണുവാനും അവന്റെ വെളിച്ചം നമ്മെ സഹായിക്കും

3. *വെളിച്ചം തിന്മയെ പുറത്തുകൊണ്ടുവരുന്നു.* "ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്, അവയെ ശാസിക്കയത്രേ വേണ്ടത്; അവർ ഗൂഢമായി ചെയ്യുന്നതു പറവാൻ പോലും ലജ്ജയാകുന്നു. അവയെ

ശാസിക്കുമ്പോഴോ സകലത്തേയും കുറിച്ചു വെളിച്ചത്താൽ ബോധം വരും, ബോധം വരുന്നതെല്ലാം വെളിച്ചം പോലെ തെളിവല്ലോ" (5:11–13). തിന്മയെ പുറത്തുകൊണ്ടുവരുവാനുള്ള വഴി സത്യത്തിന്റെ കിരണങ്ങൾ പ്രകാശിപ്പിക്കുകയാണ്.

കഴിഞ്ഞ വേനൽക്കാലത്തു എന്റെ കുടുംബം സെൻട്രൽ ടെക്സാസിലെ ഒരു ഗുഹ സന്ദർശിക്കുവാൻ പോയി. ഞങ്ങളുടെ സന്ദർശനത്തിനിടക്ക് ഒരു സമയത്ത്, ഗൈഡ് ലൈറ്റുകൾ എല്ലാം അണച്ചു. പൂർണ്ണമായ ഇരുട്ട് അനുഭവപ്പെടുവാനുള്ള ഒരവസരം അയാൾ ഞങ്ങൾക്കു നല്കി. ഏതാണ്ട് നിറഞ്ഞു കവിയുംപോലെ, അതു ഞങ്ങളെ മൂടുന്നതായി തോന്നി. ആ ഇരുട്ടിൽ എനിക്ക് ഒന്നും കാണുവാൻ കഴിഞ്ഞില്ല. ഗൈഡ് വീണ്ടും സ്വിച്ച് അമർത്തിയപ്പോൾ, ഇരുട്ട് വളരെ പെട്ടെന്ന് പോയിമറഞ്ഞു. വെളിച്ചം ഇരുളിനെ ജയിച്ചു. അതു സെൻട്രൽ ടെക്സാസിലെ ഗുഹയിൽ വാസ്തവമായിരുന്നു, നമ്മുടെ ആത്മിയ ജീവിതത്തിലും അതു വാസ്തവമാണ്. യേശുവിന്റെ വെളിച്ചം ഇരുളിനെ ജയിക്കും.

വെളിച്ചം ഇരുളിനെ ജയിക്കും എന്നതിനു യേശുക്രിസ്തുവിന്റെ സുവിശേഷം മുഖാന്തരം ദൈവമകനായി തീർന്നു ക്രിസ്തുവിനുള്ളവനാകുന്ന ഓരോ വ്യക്തിയും ജീവിക്കുന്ന സാക്ഷിയാണ്. ഒരിക്കൽ നാം ഇരുളായിരുന്നു, എന്നാൽ ഇപ്പോൾ നാം കർത്താവിൽ വെളിച്ചം ആകുന്നു. നമ്മുടെ ജീവിതത്തിൽ അവന്റെ വെളിച്ചം പ്രകാശിക്കുവാൻ യേശു ശ്രദ്ധിക്കുന്നുണ്ട് – ഇരുട്ടിനെ കീറിമുറിച്ചു നമ്മെ വെളിച്ചത്തിലേക്കു കൊണ്ടുവരേണ്ടതിനാണ് അത്.

**ഉപസംഹാരം**

നമുക്കു വെളിച്ചത്തിന്റെ മക്കളായി ജീവിക്കാം. ഈ ആഴ്ച്ചയിൽ സ്ക്കൂളിൽ പോകുമ്പോൾ നിങ്ങൾ അവിടത്തെ ഒരു വെളിച്ചം ആണെന്ന് ഓർക്കുക. നിങ്ങൾ ഈ ആഴ്ച്ച ജോലിക്കു പോകുമ്പോൾ നിങ്ങൾക്കു ചുറ്റുമുള്ളവർക്കു നിങ്ങൾ വെളിച്ചം ആയി തീരുക. നിങ്ങളുടെ വീട്ടിൽ നിങ്ങൾ വെളിച്ചമായി തീരുക. നിങ്ങളെ കാണുമ്പോൾ അവർ യേശുവിനെ കാണട്ടെ.

നിങ്ങൾ ഒരു ക്രിസ്ത്യാനി അല്ലെങ്കിൽ, ക്രിസ്തുവിലേക്കു തിരിയുക, നിങ്ങളുടെ ജീവിതത്തിന്റെ ഇരുട്ടിൽ നിന്നു മാനസാന്തരപ്പെടുക. പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്ക്കുക. ഇരുളിൽ നിന്നു വെളിച്ചത്തിലേക്കു കടക്കുക.

---

കുറിപ്പ്

[1]വില്യം ബാർക്ക്ലേ, *ദ ലെറ്റേഴ്സ് റ്റു ദ ഗലേഷ്യൻസ് ആന്റ് എഫെഷ്യൻസ്*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. (ഫിലദെൽഫിയ: വെസ്റ്റ് മിൻസ്റ്റർ പ്രെസ്, 1976), 164.